**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2001** **02-02-2024 - ൽ മറുപടിയ്ക്ക്**

**കല്യാശ്ശേരി മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 18.10.2023ലെ സ.ഉ (സാധാ) നം.305/2023/ ക.യു.വ. പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ് .<br><br>പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു പ്രവർത്തിയായ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം പൂർത്തീകരിച്ചിട്ടുണ്ട്. 3 കേന്ദ്രങ്ങളിൽ നിർമ്മാണം പുരോഗമിക്കുകയാണ്. 23 കളിസ്ഥലങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 12 കളിസ്ഥലങ്ങൾക്ക് സമഗ്ര ഭരണാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ നടപടികൾ, സാങ്കേതികാനുമതി നൽകുക എന്നിവ സംബന്ധിച്ച തുടർനടപടികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരികയാണ്. |
| (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം പഞ്ചായത്ത് ഗ്രൗണ്ടിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് ജില്ലാകളക്ടറുടെ ഭരണാനുമതിയായിട്ടുണ്ട്. ടി പദ്ധതിയ്ക്ക് കായികയുവജനകാര്യ ഡയറക്ടർ സമഗ്രഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ |

| | | | |
|---|---|---|---|
| | | | അടക്കമുള്ള തുടർ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ